പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6169 — 10.07.2012- ൽ മറുപടിയ്ക്ക്

പതിമൂന്നാം ധനകമ്മീഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എളമരം കരീം | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി). |
| (എ) പതിമൂന്നാം ധനകമ്മീഷന്റെ അവാർഡായി മൃഗസംരക്ഷണ മേഖലയ്ക്ക് 2011-12-ൽ എന്ത് തുക പദ്ധതിയിൽ വകയിരുത്തിയിരുന്നു ; | (എ) പതിമൂന്നാം ധനകമ്മീഷന്റെ അവാർഡായി മൃഗസംരക്ഷണ മേഖലയ്ക്ക് 2011-12 വർഷത്തിൽ 37.50 കോടി രൂപ അനുവദിച്ചു. ഇതിൽ 26.12 കോടി രൂപ മൃഗസംരക്ഷണ വകുപ്പിനും 3 കോടി രൂപ കേരള സ്റ്റേറ്റ് പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷനും, 3 കോടി രൂപ ഡയറി ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റിനും 5.38 കോടി രൂപ കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിനും പദ്ധതി നിർവ്വഹണത്തിനായി അനുവദിച്ചതാണ്. കൂടാതെ പതിമൂന്നാം ധനകമ്മീഷൻ കുട്ടനാട് പാക്കേജിന്റെ ഭാഗമായിട്ടുള്ള പദ്ധതികളുടെ നടത്തിപ്പിനായി 10.95 കോടി രൂപ അനുവദിച്ചു. |
| (ബി) ഈ തുകയ്ക്കുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ടിന് ബന്ധപ്പെട്ടവരുടെ അംഗീകാരം എന്നാണ് ലഭിച്ചത് | (ബി) പതിമൂന്നാം ധനകമ്മീഷന്റെ മൃഗസംരക്ഷണ വകുപ്പ് പദ്ധതികൾക്ക് 21/05/2011-ൽ ചേർന്ന സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി മീറ്റിംഗിൽ അംഗീകാരം ലഭിക്കുകയും സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ.176/11/എഡി തീയതി. 21/07/2011(അനുബന്ധം-I ആയി ചേർത്തിരിക്കുന്നു). പ്രകാരം ഫണ്ട് അനുവദിക്കുകയും ചെയ്തു. പതിമൂന്നാം ധനകമ്മീഷൻ കുട്ടനാട് പാക്കേജിന്റെ ഭാഗമായിട്ടുള്ള പദ്ധതികളായ നിരണം ഡക്ക് ഫാമിന്റെ ഉന്നമനത്തിനായിട്ടുള്ള |

പദ്ധതിയ്ക്ക് 06/08/11 -ന് ചേർന്ന എംപവേർഡ് കമ്മിറ്റി യോഗത്തിൽ അംഗീകാരം ലഭിക്കുകയും, സർക്കാർ ഉത്തരവ് (ആർ.റ്റി) 1717/11/എ.ഡി, തീയതി, 22/09/11(അനുബന്ധം-II ആയി ചേർത്തിരിക്കുന്നു). പ്രകാരം ഫണ്ട് അനുവദിക്കുകയും ചെയ്യിട്ടുണ്ട്. ഇതിൽ തന്നെ ഉൾപ്പെട്ട കുട്ടനാട് മേഖലയിൽ സമഗ്രവും സുസ്ഥിരവുമായ മൃഗസംരക്ഷണ പരിപാടികൾ എന്ന പദ്ധതിയ്ക്ക് 26/11/11-ൽ ചേർന്ന എംപവേർഡ് കമ്മിറ്റി മീറ്റിംഗിൽ അംഗീകാരം ലഭിക്കുകയും, സർക്കാർ ഉത്തരവ് (ആർ.റ്റി)നമ്പർ.2388/11/എ.ഡി തീയതി, 23/12/11(അനുബന്ധം III ആയി ചേർത്തിരിക്കുന്നു). പ്രകാരം ഫണ്ട് അനുവദിക്കുകയും ചെയ്തു.

| | |
|---|---|
| (സി) എന്തെല്ലാം പദ്ധതികളാണ് ഈയിനത്തിൽ മൃഗസംരക്ഷണ വകുപ്പ് ഏറ്റെടുത്ത് നടപ്പാക്കിയത് എന്നറിയിക്കാമോ; | (സി) ഈയിനത്തിൽ മൃഗസംരക്ഷണ വകുപ്പ് ഏറ്റെടുത്ത പദ്ധതികൾ ചുവടെ ചേർക്കുന്നു. |

1. കാഫ് പ്രൊട്ടക്ഷൻ പ്രോഗ്രാം (സുരഭിരക്ഷ)
2. കുടപ്പനക്കുന്നിൽ ഒരു മൾട്ടി സ്പെഷ്യാലിറ്റി കോംപ്ലക്സ് സ്ഥാപിക്കുന്ന പദ്ധതി
3. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽസ്, പാലോടിൽ ഒരു ഫാർമസ്യൂട്ടിക്കൽ ഡിവിഷൻ.
4. വിതുരയിൽ ഒരു ഹൈടെക് ഡയറി കോംപ്ലക്സ് സ്ഥാപിക്കുന്ന പദ്ധതി.
5. കുര്യോട്ടുമലയിൽ ഒരു ഹൈടെക്ക് ഡയറി കോംപ്ലക്സ് സ്ഥാപിക്കുന്ന പദ്ധതി.

കൂടാതെ പതിമൂന്നാം ധനകമ്മീഷൻ കുട്ടനാട് പാക്കേജിന്റെ ഭാഗമായിട്ടുള്ള പദ്ധതികളായ നിരണം ഡക്ക് ഫാമിന്റെ ഉന്നമനത്തിനായുള്ള പദ്ധതിയും കുട്ടനാട് മേഖലയിൽ സമഗ്രവും സുസ്ഥിരവുമായ മൃഗസംരക്ഷണ പരിപാടികൾ എന്ന പദ്ധതിയും